# <u>ലിംഗപദവി അവബോധ ശിൽപശാല</u>

2017 ~ഒക്ടോബർ 23,24 തീയതികളിൽ തിരുവനന്തപുരം മരിയാറാണി സെന്ററിൽ വച്ച് കുടുംബശ്രീ സംസ്ഥാന മിഷൻ വിവിധ ജില്ലകളിൽ ഉള്ള കുടുംബശ്രീ സ്റ്റാഫിനായി നടത്തിയ ലിംഗപദവി ബോധവൽക്കരണ ശിൽപശാല ഏറെ പ്രയോജനകരമായിരുന്നു. ബാംഗ്ലൂരിൽ നിന്നുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ര ുപേർ വളരെ നല്ലരീതിയിൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി തരുന്നതിൽ വിജയിച്ചു. 35ഓളം പേരുടെ ഗ്രൂപ്പായിരുന്നു ര ുദിവസത്തെ പരിശീലന പരിപാടിയിൽ പങ്കെടുത്തത്.

ജെൻഡറുമായി ബന്ധപ്പെട്ട സമാന പരിശീലന പരിപാടികളിൽ പങ്കെടുത്തിട്ടു ങ്കിലും അതൊരു വ്യത്യസ്ത അനുഭവമായി തീർന്നു. പരിചിതമായ ര ുപദങ്ങൾ ‘‘ ജെൻഡർ‘‘ സെക്സ്‘‘ - ഇവ തമ്മിലുള്ള വ്യത്യാസം വളരെ ലളിതമായി മനസ്സിലാക്കി തന്നുകൊ ാണ് ആദ്യ ദിനം പരിപാടി ആരംഭിച്ചത്. ജെൻഡർ എന്നത് സമൂഹത്തിന്റെ സൃഷ്ടിയാണെന്നും സെക്സ് എന്നത് ജീവശാസ്ത്രപരമായ വ്യത്യാസം മാത്രമാണെന്നും അംഗങ്ങൾ ഗ്രൂപ്പ് പ്രവർത്തനത്തിലൂടേയും മറ്റും മനസ്സിലാക്കി. സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഗ്രൂപ്പിൽ സജീവ ചർച്ചയായി മാറി. ഓരോ അംഗവും വളരെ ആവേശത്തോടെ തന്നെ ഗ്രൂപ്പ് പ്രവർത്തനങ്ങളിലും ചർച്ചകളിലും പങ്കെടുത്തു.

മുൻകാലങ്ങലെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ സ്വാതന്ത്രവും സുരക്ഷിതത്വവും ഇന്നത്തെ കാലത്ത് അനുഭവിക്കുന്നു ് എന്ന അഭിപ്രായം ആദ്യമേ ഗ്രൂപ്പ് ചർച്ചകളിൽ ഉയർന്നു വന്നുവെങ്കിലും പിന്നീട് അങ്ങോട്ട് ഉയർന്ന അഭിപ്രായം യാത്രകളിലും മറ്റ് പൊതു സ്ഥലങ്ങളിലും ഒരു സുരക്ഷിത മേഖല സ്ത്രീകൾക്ക് അനിവാര്യമായിരിക്കുന്നുവെന്നും സ്വയം പ്രതിരോധം തീർക്കാൻ സ്ത്രീകൾ സജ്ജരായി പൂർണ്ണമായും മാറുന്നവരേയും സ്ത്രീകളോടുള്ള സമൂഹത്തിന്റെ കാഴ്ചപാടിൽ വ്യക്തമായ പുരോഗതി ഉ ാകുന്നവരേയും ഈ സുരക്ഷിത മേഖലകൾ നിലനിർത്തേ താണെന്നും ആയിരുന്നു.സർക്കാർ രൂപപ്പെടുത്തുന്ന വിവിധ വികസന പദ്ധതികൾ ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ സ്ത്രീകളുടെ വിവിധ ആവശ്യങ്ങൾ എങ്ങനെ പരിഹരിക്കപ്പെടുന്നു ് എന്ന് സ്വയം വിശകലനം നടത്താൻ ഓരോ ഗ്രൂപ്പ് അംഗങ്ങൾക്കും കഴിഞ്ഞു. സ്വന്തം സ്ഥാപനം മുഖേന നടപ്പിലാക്കുന്ന ഓരോ പ്രോഗ്രാമിലും Strategic Gender Needs, PGN എന്നിവ എങ്ങനെ നിറവേറ്റപ്പെടുന്നു എന്നും സ്വയം വിശകലനം നടത്താനും പരിപാടികളിൽ മാറ്റങ്ങൾ ഉ ാക്കാൻ ശ്രമിക്കും എന്ന തീരുമാനത്തിലെത്താനും അംഗങ്ങൾക്ക് കഴിഞ്ഞു.

ബിപിൻ കെ.വി
ഡി.പി.എം, ഇടുക്കി